ഫറോക്ക് സർവ്വീസ് സഹകരണ ബാങ്കിനെ കേന്ദ്ര ഇ. പി. എഫിൽ നിന്നു. ഒഴിവാക്കാൻ നടപടി

106 [2975] ശ്രീ. വി. കെ. സി. മമ്മത് കോയ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് സഹകരണവും തുറമുഖവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ഫറോക്ക് സർവ്വീസ് സഹകരണ ബാങ്കിനെ കേന്ദ്ര ഇ. പി. എഫിൽ നിന്നും ഒഴിവാക്കി കിട്ടുന്നതിനായി ബന്ധപ്പെട്ട ബഹു. ഹൈക്കോടതി മുമ്പാകെയുള്ള ഡബ്ളിയു. പി. (സി) 5024/04 നമ്പർ കേസിന്റെ പകർപ്പ് ലഭിച്ചിട്ടുണ്ടോ;

(ബി) ഉണ്ടെങ്കിൽ കൗണ്ടർ അഫിഡവിറ്റ് ഫയൽ ചെയ്തിട്ടുണ്ടോ എന്ന് അറിയിക്കാമോ;

(സി) ഇല്ലെങ്കിൽ അതിനുള്ള നടപടി സ്വീകരിക്കാമോ?

ഉത്തരം

(എ) ലഭിച്ചിട്ടുണ്ട്.

(ബി, സി) തൊഴിൽവകുപ്പുമായി ബന്ധപ്പെട്ട് കൗണ്ടർ അഫിഡവിറ്റ് ഫയൽ ചെയ്യുന്നകാര്യം പരിശോധിച്ചുവരുന്നു.

വോട്ടേഴ്സ് ലിസ്റ്റ്

107 [2976] ശ്രീ. കളത്തിൽ അബ്ദുള്ള: താഴെകാണുന്ന ചോദ്യങ്ങൾക്ക് സഹകരണവും തുറമുഖവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) മണ്ണാർക്കാട് സർവ്വീസ് സഹകരണ ബാങ്കിന്റെ വോട്ടേഴ്സ് ലിസ്റ്റിൽ എത്ര പേരുണ്ട്;

(ബി) വോട്ടേഴ്സ് ലിസ്റ്റിന്റെ ഒരു കോപ്പി ലഭ്യമാക്കുമോ?

ഉത്തരം

(എ) 6317 പേർ.

(ബി) കോപ്പി ഇതോടൊപ്പം ഉള്ളടക്കം ചെയ്യുന്നു. †

ജീവനക്കാർക്കെതിരെ ശിക്ഷാനടപടികൾ

108 [2977] ശ്രീ. തോമസ് ഉണ്ണിയാടൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് സഹകരണവും തുറമുഖവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സഹകരണ സംഘം രജിസ്ട്രാർമാരും ഭാര്യാഭർത്താക്കന്മാരും ജീവനക്കാർക്കെതിരെ ശിക്ഷാനടപടികൾ സ്വീകരിച്ചു വരുന്ന വിവരം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) തിരുവനന്തപുരം, കൊല്ലം, കോട്ടയം ജില്ലകളിലെ സഹകരണ ജോയിന്റ് രജിസ്ട്രാർമാർ മുമ്പാകെ കഴിഞ്ഞ രണ്ടു കൊല്ലത്തിനുള്ളിൽ എത്ര പരാതികളാണ് ലഭിച്ചിട്ടുള്ളത്; ഇതിൽ എത്ര പരാതികളിൻമേൽ തീർപ്പുകൽപ്പിച്ചിട്ടുണ്ട്; ലഭിച്ച പരാതികളുടെ വിശദമായ വിവരം വെളിപ്പെടുത്താമോ;

LIBRARY ARCHIVES Kerala Legislative Assembly